ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സംസ്ഥാനത്തുള്ള വനങ്ങളിൽ നിന്ന് മരങ്ങൾ കളവായി മുറിച്ചുപോകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇക്കൊല്ലം വനത്തിൽനിന്ന് മരം കളവായി മുറിച്ചതിന് 1316 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) അങ്ങിനെയുള്ള എല്ലാ കേസ്സുകളിലുംകൂടി ഉദ്ദേശം 74,145 രൂപ, 8 അണ നഷ്ടം കാണിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവും ജൂഡീഷ്യറിയും വിഭജനം.

* 816 [69] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) എക്സിക്യൂട്ടീവ് ജൂഡീഷ്യറി വിഭജനത്തെക്കുറിച്ച് വല്ല പരാതികളും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതികളിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) വിഭജനത്തെ തുടർന്ന് പൊതുജനങ്ങൾക്ക് നേരിട്ടുന്ന വിഷമങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്. 107-ാം വകുപ്പിലെ നടപടികൾ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടന്മാർക്ക് വിട്ടുകൊടുത്തതിനെപ്പറ്റി ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) ഈ കാര്യത്തെ ഗവണ്മെൻറ് പുനഃപരിശോധന നടത്തുന്നുണ്ട്.

(സി) പൊതുവേ വിഷമങ്ങൾ എന്തെങ്കിലും ഉള്ളതായി അറിവില്ല.

കൃഷി ജലസേചനത്തിനായിട്ടുള്ള തോട്.

* 817 [76] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടയ്ക്കാവൂർ പകുതിയിൽ വെറും പുറമ്പോലായിൽ കൃഷി ജലസേചനത്തിനായി പൊതുഉപയോഗത്തിലിരിക്കുന്ന ഒരു തോടിനു വേണ്ടി 5 സെൻറ് സ്ഥലം അക്വയർ ചെയ്യണമെന്ന് 2-7-1955-ൽ നാട്ടുകാർ അപേക്ഷിച്ചിട്ടുണ്ടോ; എന്തു നടപടി നടത്തി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ട്.

നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ജൂഡീഷ്യറിയും എക്സിക്യൂട്ടീവും.

* 818 [88] ശ്രീ. പി. ഭാസ്കരൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജൂഡിഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള വിഭജനത്തെത്തുടർന്ന് പീരുമേട്, പമ്പനാർ, വണ്ടിപ്പെരിയാർ, മുതലായ സ്ഥലങ്ങളിൽനിന്ന് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിൽ ചാർജ്ജ് ചെയ്യുന്ന കേസുകളിൽപ്പെട്ടുന്ന കക്ഷികൾ കോട്ടയം, മൂവാറ്റുപുഴ എന്നീ ദൂരസ്ഥലങ്ങളിൽ പോയി കോടതിസമക്ഷം ഹാജരാകേണ്ടി വരുന്നതു് ജനങ്ങൾക്കു വളരെ വ്യയഹേതുവും ക്ലേശകരവുമാണെന്നു് ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൽപരിഹാരാർത്ഥം ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടിൻറെ സഞ്ചാരകോടതി ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസംമാത്രം പീരുമേട്ടു് അഴുതയിൽവച്ചോ മറ്റോ കൂടുന്നതിനു സൌകര്യം സർക്കാർ സത്വരനടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) ആലോചിയ്ക്കാവുന്നതാണു്.

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാർ.

* 819 [89] ശ്രീ. പി. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ ജോലി നോക്കിവന്ന ഏതാനും കീഴ്ജീവനക്കാരെ ഒരു അർദ്ധ അനൌദ്യോഗികസംഘടനയായ Game Association വക ശമ്പളക്കാരായി ഇക്കൊല്ലം മാറ്റുകയുണ്ടായോ ;

(ബി) അങ്ങനെ ഗവണ്മെൻറ് സർവ്വീസിൽ നിന്നു വിട്ടുമാറി അസോസിയേഷൻറെ കീഴിൽ ജോലിക്കു എടുപ്പിക്കപ്പെട്ടവർ എത്ര ;

(സി) അവർക്കു് ഡിപ്പാർട്ടുമെൻറൽ . സർവ്വീസിൽ കൂടിയതു് എത്ര നാൾ വരെ പഴക്കമുണ്ടു്; ഏറ്റവും കുറഞ്ഞ സർവ്വീസുകാലം എത്ര;

(ഡി) പ്രസ്തുത ജീവനക്കാർക്കു് മുൻപു ലഭിച്ചിരുന്നതിനു തുല്യമായ ശമ്പളവും അലവൻസും, സർവ്വീസു് വ്യവസ്ഥകളും ഇപ്പോഴും ലഭിക്കുന്നുണ്ടോ ;

(ഈ) ഇല്ലെങ്കിൽ അവർക്കു് കിട്ടിക്കൊണ്ടിരുന്ന ശമ്പളം, അലവൻസു് ഇവയിൽ കുറവു വരുത്താതിരിക്കാനെങ്കിലും ഗവണ്മെൻറ് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും പിരിച്ചുവിടപ്പെട്ടതിനു ശേഷം Game Department-ൽ ജോലി നോക്കിവന്ന അഞ്ചു വാച്ചർമാരെ Game Association-ിലേയ്ക്കു് 1-5-55-മുതൽ മാറ്റുകയുണ്ടായി.

(ബി) അഞ്ചുപേർ.

LIBRARY ARCHIVES Kerala Legislative Assembly